# പതിനഞ്ചാം കേരള നിയമസഭ

# പതിനാലാം സമ്മേളനം

2025 ഒക്ടോബർ 9, വ്യാഴം

**നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--30]**

**മറുപടി നൽകുന്ന മന്ത്രിമാർ**

**കൃഷി വകുപ്പ് മന്ത്രി**

**ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി**

**ഗതാഗത വകുപ്പ് മന്ത്രി**

**മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി**

**മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി**

**<u>കൃഷിഭവനുകളുടെ പ്രവർത്തനം</u>**

*271 **ശ്രീ. എ. കെ. എം. അഷ്റഫ്**
**ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. യു. എ. ലത്തീഫ്**
**ശ്രീ. പി. ഉബൈദുള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി കൃഷി ഭവനുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) മിക്ക കൃഷി ഭവനുകളിലും കർഷകരുമായി ആശയവിനിമയം നടത്താനുള്ള സ്ഥലം, തൈകൾ, വിത്തുകൾ, യന്ത്രങ്ങൾ എന്നിവ സൂക്ഷിക്കുന്നതിനുള്ള സൗകര്യമില്ലാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(സി) കൃഷി ഭവനുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തി കർഷകർക്ക് മികച്ച സേവനം ലഭ്യമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

**<u>കെ. എസ്. ആർ. ടി. സി. യ്ക്ക് ഇലക്ട്രിക് ബസുകൾ</u>**

*272 **ശ്രീ ഡി കെ മുരളി**
**ശ്രീ. പി. നന്ദകുമാർ**
**ശ്രീ. എ. സി. മൊയ്തീൻ**

**ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുഗതാഗത സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും കൂടുതൽ ആകർഷകമാക്കുന്നതിനും കെ. എസ്. ആർ. ടി. സി. പുതുതായി ആരംഭിച്ചിട്ടുള്ള പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) ഇലക്ട്രിക് ബസ്സുകളെയും ഡീസൽ ബസ്സുകളെയും താരതമ്യം ചെയ്യുമ്പോൾ ഇന്ധനക്ഷമതയും മലിനീകരണ തോത് കുറവുള്ളതും ഇലക്ട്രിക് ബസ്സുകൾക്കാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) കാര്യക്ഷമതയും ലാഭവും പരിസ്ഥിതി സൗഹൃദവുമാണ് ഇലക്ട്രിക് ബസ്സുകളെങ്കിൽ ക്രമാനുഗതമായി ഇലക്ട്രിക് ബസ്സുകളിലേക്ക് സർവീസുകൾ മാറ്റുന്നതിനെക്കുറിച്ച് ആലോചിക്കുമോയെന്ന് വ്യക്തമാക്കുമോ?

## <u>കാർഷിക മേഖലയിലെ യന്ത്രവൽക്കരണം</u>

*273 **ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ ജി എസ് ജയലാൽ**
**ശ്രീ വി ശശി**
**ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷിരീതികളിൽ വൈദഗ്ധ്യം നേടിയ തൊഴിലാളികളുടെ ലഭ്യതക്കുറവ് കാർഷിക വിപുലീകരണത്തിന് വിഘാതമാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കാർഷിക മേഖലയിലെ തൊഴിലാളികളുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനായി യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിന് രൂപീകരിച്ചിട്ടുള്ള കേരള സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷന്റെ പ്രവർത്തനം വിശദമാക്കാമോ;

(സി) ചെറുകിട കാർഷിക യന്ത്രങ്ങളും അവ പ്രവർത്തിപ്പിക്കുന്നതിന് വിദഗ്ധരായ തൊഴിലാളികളെയും ലഭ്യമാക്കുന്നതിന് കൃഷിശ്രീ സെന്ററുകളുടെ പ്രവർത്തനം എത്രത്തോളം സഹായകരമാകുന്നുണ്ടെന്ന് വിശദമാക്കാമോ;

(ഡി) കാർഷിക കർമ്മസേനകളെ ശാക്തീകരിക്കുന്നതിനും കാർഷിക മേഖലയിൽ യുവാക്കളുടെ കർമ്മശേഷി വിനിയോഗിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

## <u>കർഷക ക്ഷേമനിധി പദ്ധതി</u>

*274 **ശ്രീ. പി. ജെ. ജോസഫ്**
**ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. അനൂപ് ജേക്കബ്**
**ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷക ക്ഷേമനിധി പദ്ധതിയുടെ ധനസ്രോതസുകളുമായി ബന്ധപ്പെട്ട വിഷയത്തിൽ ധനകാര്യ വകുപ്പ് കൃഷി വകുപ്പുമായി ചർച്ച നടത്തിയിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് ഏകാഭിപ്രായം രൂപപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ക്ഷേമനിധിയിലേക്കുള്ള സർക്കാരിന്റെ സംഭാവനയുടെയും അംശദായത്തിന്റെയും അനുപാതവുമായി ബന്ധപ്പെട്ട് പ്രസ്തുത വകുപ്പുകൾക്കിടയിൽ അഭിപ്രായവ്യത്യാസമുണ്ടോ; വ്യക്തമാക്കാമോ;

(സി) ക്ഷേമനിധി പദ്ധതിയുടെ കരട് അംഗീകരിക്കാൻ വൈകുന്നതിന് വകുപ്പുകൾക്കിടയിലുള്ള വ്യത്യസ്ത നിലപാട് കാരണമാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ഡി) കിസാൻ അഭിമാൻ പദ്ധതിയുടെ തുക ക്ഷേമനിധിയിലേക്ക് മാറ്റുന്നതിൽ ധനകാര്യ വകുപ്പ് കൃഷി വകുപ്പിനോട് അഭിപ്രായ വ്യത്യാസം പ്രകടിപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## <u>ഉന്നത പഠനത്തിനായി വിദേശരാജ്യങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളുടെ പ്രവേശനം</u>

*275 **ശ്രീ വി കെ പ്രശാന്ത്**
**ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി**
**ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവകലാശാലകളിൽ നിന്നുള്ള ബിരുദങ്ങൾക്ക് വിദേശരാജ്യങ്ങളിൽ കൂടുതൽ സ്വീകാര്യത ഉറപ്പു വരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) സമീപ കാലത്തായി വിദേശരാജ്യങ്ങളിൽ നിന്നുള്ള കുട്ടികൾ ഉന്നത പഠനത്തിനായി സംസ്ഥാനത്തേയ്ക്ക് കൂടുതലായി പ്രവേശനം നേടിയിട്ടുണ്ടോ; ഏതൊക്കെ രാജ്യങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികൾ ഏതൊക്കെ കോഴ്സുകളിലേക്കാണ് പ്രവേശനം നേടിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ;

(സി) വിദ്യാർത്ഥികളിൽ നല്ലൊരു വിഭാഗം പഠനത്തോടൊപ്പം വരുമാനവും കണ്ടെത്താൻ ആഗ്രഹിക്കുന്നതിനാൽ കലാലയ പഠനം ഇതിനുതകുന്ന തരത്തിൽ മാറ്റുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരം നൽകാമോ?

## <u>സ്കിൽ കേരള ഗ്ലോബൽ സമ്മിറ്റ്</u>

*276 **ശ്രീ. കെ. ബാബു (നെന്മാറ)**
**ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ. പി. ടി. എ. റഹീം**
**ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട് സംഘടിപ്പിച്ച സ്കിൽ കേരള ഗ്ലോബൽ സമ്മിറ്റ്-ന്റെ പ്രധാന ലക്ഷ്യങ്ങൾ എന്താണെന്ന് വിശദമാക്കാമോ;

(ബി) സ്കിൽ കേരള ഗ്ലോബൽ സമ്മിറ്റുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കും ലഭ്യമാകുന്ന പ്രധാന അവസരങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) അന്താരാഷ്ട്ര തലത്തിൽ തൊഴിൽ സാധ്യതകൾ കണ്ടെത്തുന്നതിനായി സമ്മിറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള പരിപാടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ഡി) സംസ്ഥാനത്തെ അന്താരാഷ്ട്ര തൊഴിൽ വിപണി കൂടുതൽ മത്സരാധിഷ്ഠിതമാക്കുന്നതിനായി സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

## വാഹനങ്ങളുടെ ഫിറ്റ്നെസ് പരിശോധനയ്ക്കായി ഓട്ടോമേറ്റഡ് ടെസ്റ്റിങ് സംവിധാനം

*277 **ശ്രീ. ജോബ് മൈക്കിൾ**
**ഡോ. എൻ. ജയരാജ്**
**ശ്രീ. പ്രമോദ് നാരായൺ**
**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മോട്ടോർ വാഹന രംഗത്ത് കൈവരിച്ച സവിശേഷ നേട്ടങ്ങൾ വിശദമാക്കാമോ;

(ബി) പഴയ വാഹനങ്ങളുടെ ഫിറ്റ്നെസ് പരിശോധനയ്ക്കായി ഓട്ടോമേറ്റഡ് ടെസ്റ്റിങ് സംവിധാനം ഏർപ്പെടുത്തുന്ന പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും എവിടെയൊക്കെ പ്രസ്തുത സംവിധാനം സ്ഥാപിക്കാനായിയെന്നും ബാക്കിയുള്ള സ്ഥലങ്ങളിൽ എന്നത്തേക്ക് പൂർത്തിയാക്കാനാകുമെന്നും അറിയിക്കാമോ;

(സി) പഴയ വാഹനങ്ങളുടെ ഫിറ്റ്നെസ് ടെസ്റ്റ് ഫീസ് കേന്ദ്ര സർക്കാർ വർദ്ധിപ്പിച്ചിട്ടുണ്ടോ; അതിന്റെ പഴയതും പുതിയതും ആയ സ്ലാബ് നിരക്കുകൾ അറിയിക്കാമോ;

(ഡി) പഴയ വാഹനങ്ങളുടെ ഫിറ്റ്നെസ് ടെസ്റ്റ് ഫീസ് വലിയതോതിൽ വർദ്ധിപ്പിച്ചത് തടയാൻ സംസ്ഥാന തലത്തിൽ എന്തെങ്കിലും ഇളവുകൾ വരുത്തുന്നതിന് സാധിക്കുമോ; എങ്കിൽ ഇളവ് ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

## കേരളത്തെ അന്താരാഷ്ട്ര വിദ്യാഭ്യാസ ഹബ്ബാക്കി മാറ്റുന്നതിന് നടപടി

*278 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**
**ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ. പി.വി. ശ്രീനിജിൻ**
**ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാർത്ഥികൾക്കും ഗവേഷകർക്കും ഗ്ലോബൽ നിലവാരത്തിലുള്ള അവസരങ്ങൾ ഒരുക്കാൻ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പിന്നാക്ക വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിൽ പങ്കാളിത്തവും സമാന അവകാശങ്ങളും ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്;

(സി) സർക്കാർ പ്രഖ്യാപിച്ച സ്റ്റഡി ഇൻ കേരള പദ്ധതിയും അന്താരാഷ്ട്ര വിദ്യാർത്ഥികളെ ആകർഷിക്കുന്ന നടപടികളും പ്രായോഗികവൽക്കരിക്കുന്നതിനായി ആസൂത്രണം നടപടികൾ വിശദമാക്കാമോ?

**<u>രേഖകളിൽ കൃത്രിമംകാട്ടി വാഹനങ്ങൾ റീ രജിസ്റ്റർ ചെയ്യുന്ന സംഭവങ്ങൾ</u>**

*279 **ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. റോജി എം. ജോൺ**
**ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉപയോഗിക്കുന്ന വാഹനങ്ങൾ പോണ്ടിച്ചേരി അടക്കമുള്ള കേന്ദ്രഭരണ പ്രദേശങ്ങളിൽ രജിസ്റ്റർ ചെയ്യുന്നതും രേഖകളിൽ കൃത്രിമം കാട്ടി പുതിയ വാഹനമായി റീ രജിസ്റ്റർ ചെയ്യുന്ന സംഭവങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇതര സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിരുന്ന വാഹനം പുതിയ വാഹനമായി രജിസ്റ്റർ ചെയ്യുന്നതിന് ഉദ്യോഗസ്ഥർ ഒത്താശ ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) രേഖകളിൽ കൃത്രിമം കാട്ടി അന്യ സംസ്ഥാന വാഹനം സംസ്ഥാനത്ത് പുതിയ വാഹനമായി രജിസ്റ്റർ ചെയ്ത സംഭവങ്ങളിൽ വകുപ്പ് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

**<u>സർവകലാശാലകളുടെ പശ്ചാത്തല വികസനത്തിന് കിഫ്ബി</u>**

*280 **ശ്രീ. കെ. എം. സച്ചിൻദേവ്**
**ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ. കെ. പ്രേംകുമാർ**
**ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർവകലാശാലകളുടെ പശ്ചാത്തല വികസനത്തിന് കിഫ്ബി മുഖേന നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്ലാൻ ഫണ്ട് ഉപയോഗപ്പെടുത്തി സർവകലാശാലകളിൽ നടപ്പിലാക്കിയിട്ടുള്ള വികസന പ്രവർത്തനങ്ങളുടെ വിശദാംശം അറിയിക്കാമോ;

(സി) മറ്റിതര ധനസഹായ മാർഗങ്ങളിലൂടെ സംസ്ഥാനത്തെ സർവകലാശാലകളിൽ നടത്തിയിട്ടുള്ള വികസന പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ;

(ഡി) പശ്ചാത്തല സൗകര്യ വികസനം ഉപയോഗപ്പെടുത്തി അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിന് സർവകലാശാലകൾക്ക് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ?

**<u>റോഡ് അപകടങ്ങൾ കുറയ്ക്കാൻ നടപടി</u>**

*281 **ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. എം. വിൻസെന്റ്**
**ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡ് അപകടങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് കുറയ്ക്കുന്നതിന് കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ റോഡുകളിലെ അപകട മേഖലകൾ കണ്ടെത്തി പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**<u>കോളേജ് സംരക്ഷണ സമിതികൾ രൂപീകരിക്കാൻ നടപടി</u>**

*282 **ശ്രീ വി ശശി**
**ശ്രീ ജി എസ് ജയലാൽ**
**ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയിലെ യുവജനങ്ങളിൽ വർദ്ധിച്ചുവരുന്നതായി പറയപ്പെടുന്ന അക്രമവാസനയുടെ പ്രധാന കാരണം ലഹരി ഉപയോഗമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ ക്യാമ്പസുകളിൽ നിന്ന് ലഹരിയും മറ്റ് സാമൂഹിക വിരുദ്ധ പ്രവർത്തനങ്ങളും തുടച്ചുനീക്കി സുരക്ഷിത ക്യാമ്പസ് ഒരുക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സുരക്ഷ വർദ്ധിപ്പിക്കാനും വിദ്യാർത്ഥി ക്ഷേമം ഉറപ്പാക്കുന്നതിനുമായി കോളേജ് സംരക്ഷണ സമിതികൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) കോളേജ് അധികൃതർക്കും വിദ്യാർത്ഥികൾക്കും പൊലീസുമായുള്ള സഹവർത്തിത്വം ഉറപ്പാക്കുവാനും അവശ്യഘട്ടങ്ങളിൽ അടിയന്തര സഹായം നൽകുവാനും കോളേജ് സംരക്ഷണ സമിതിയുടെ രൂപീകരണം സഹായകമാകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

**<u>റാഗിംഗ് തടയാൻ നടപടി</u>**

*283 **ശ്രീ. എൻ. ഷംസുദ്ദീൻ**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ റാഗിംഗ് തടയുന്നതിനായി ആന്റി റാഗിംഗ് കമ്മിറ്റി, ആന്റി റാഗിംഗ് സ്ക്വാഡ് എന്നിവ രൂപീകരിക്കണമെന്ന് യു. ജി. സി.

മാർഗരേഖയിൽ നിർദേശിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇപ്രകാരമുള്ള കമ്മിറ്റികൾ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) റാഗിംഗ് ചെയ്യുന്നവർക്ക് കടുത്ത ശിക്ഷ ഉറപ്പുവരുത്താനും അതുവഴി റാഗിംഗ് പൂർണ്ണമായും തടയുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

## ആഭ്യന്തര ഉപയോഗത്തിനാവശ്യമായ മത്സ്യം

*284 **ശ്രീ. പി. കെ. ബഷീർ**
**ഡോ. എം. കെ. മുനീർ**
**ശ്രീ. എ. കെ. എം. അഷ്റഫ്**
**ശ്രീ. യു. എ. ലത്തീഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ആഭ്യന്തര ഉപയോഗത്തിനാവശ്യമായ മത്സ്യം തദ്ദേശീയമായി ലഭിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മേഖലയിൽ പ്രവർത്തിക്കുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ആഴക്കടൽ മത്സ്യബന്ധനത്തിൽ പങ്കാളിയാക്കാനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) മീൻപിടുത്തവും സംസ്കരണവും വിപണനവും ആദായകരമാക്കാൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ?

## ടിഷ്യൂ കൾച്ചർ സാങ്കേതികവിദ്യയിലൂടെ തെങ്ങിൻ തൈ ഉല്പാദനം

*285 **ഡോ. മാത്യൂ കുഴൽനാടൻ**
**ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. ആര്യാടൻ ഷൗക്കത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രായാധിക്യം കൊണ്ടും രോഗകീടബാധമൂലവും ഉല്പാദനക്ഷമത തീരെ കുറഞ്ഞ തെങ്ങുകൾക്ക് പകരം മെച്ചപ്പെട്ട ഇനം തൈകൾ നടുന്നതിനായി നടപ്പാക്കിയ പുനരുദ്ധാരണ പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) വർഷംതോറും എല്ലാ വാർഡുകളിലും 75 എണ്ണം വീതം തെങ്ങിൻ തൈകളുടെ വിതരണം എന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(സി) ടിഷ്യൂ കൾച്ചർ സാങ്കേതികവിദ്യയിലൂടെ ഉത്തമ തെങ്ങിൻ തൈകൾ സൃഷ്ടിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## ക്ഷീര സംഘങ്ങളിൽ ഏകീകൃത അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ

*286 **ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ശ്രീ. എ. പ്രഭാകരൻ**

**ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷീരസംഘങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമവും മികവുറ്റതുമാക്കുന്നതിന്റെ ഭാഗമായി ക്ഷീരസംഘങ്ങളിൽ ഏകീകൃത അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ ഏർപ്പെടുത്തുന്നതിന് പദ്ധതിയുണ്ടോ; എന്തൊക്കെ കാര്യങ്ങളാണ് ഇതു വഴി ലക്ഷ്യമിടുന്നത്; വിശദമാക്കാമോ;

(ബി) സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ക്ഷീരസംഘങ്ങൾക്ക് ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ടോ; വിശദാംശം വ്യക്തമാക്കാമോ;

(സി) ക്ഷീരകർഷകരെയും ക്ഷീരസംഘങ്ങളെയും ഏകോപിപ്പിച്ചുകൊണ്ടു പോകുന്നതിന് ക്ഷീരശ്രീ പോർട്ടൽ എത്രത്തോളം സഹായകരമാണെന്ന് വ്യക്തമാക്കാമോ?

## <u>വനിതാ മത്സ്യത്തൊഴിലാളികളുടെ ശാക്തീകരണം</u>

*287 **ശ്രീ. എൻ. കെ. അക്ബർ**
**ശ്രീമതി യു പ്രതിഭ**
**ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ**
**ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർവിമെൻ മുഖേന വനിതാ മത്സ്യത്തൊഴിലാളികളുടെ ശാക്തീകരണത്തിന് എന്തെല്ലാം പദ്ധതികളാണ് ഇതിനകം നടപ്പാക്കിയിട്ടുള്ളത്; വിശദമാക്കാമോ;

(ബി) വനിതാ മത്സ്യത്തൊഴിലാളികൾക്ക് പലിശ രഹിത വായ്പ, റിവോൾവിങ് ഫണ്ട് എന്നിവ അനുവദിക്കുന്നതിലെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) ഒരു കുടുംബം ഒരു ജോലി എന്ന പദ്ധതിയുടെ ഭാഗമായി എന്തെല്ലാം പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുണ്ട്; വ്യക്തമാക്കാമോ?

## <u>സമുദ്രോല്പന്ന കയറ്റുമതി മേഖല നേരിടുന്ന വെല്ലുവിളി</u>

*288 **ശ്രീ. പി. ബാലചന്ദ്രൻ**
**ശ്രീ വി ശശി**
**ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തിന്റെ വിദേശനാണയ ശേഖരത്തിലേക്ക് മികച്ച സംഭാവന നൽകുന്ന സമുദ്രോല്പന്ന കയറ്റുമതിയിൽ സംസ്ഥാനം പ്രതിസന്ധി നേരിടുന്നതായ സാഹചര്യം വിശകലനം ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) കേരളതീരത്ത് വിദേശ കപ്പലുകളുടെ ട്രോളിങ്ങും നിരന്തരമുണ്ടാകുന്ന കടൽക്ഷോഭവും മൂലം മത്സ്യലഭ്യതയിലുണ്ടായിട്ടുള്ള കുറവ് മത്സ്യോല്പന്ന കയറ്റുമതിയിൽ എത്രത്തോളം വ്യത്യാസമുണ്ടാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) ഇന്ത്യയുടെ തീരക്കടലിലെ കടൽ സസ്തനികളുടെ സംരക്ഷണം സംബന്ധിച്ച അന്താരാഷ്ട്ര നിർദേശങ്ങൾ പാലിക്കുന്നതിന് കേന്ദ്രം കാലതാമസം വരുത്തുന്നത് മൂലമുള്ള പ്രതിസന്ധി കേരളത്തിന്റെ മത്സ്യബന്ധന-മത്സ്യസംസ്കരണ മേഖലയെ ഏതെല്ലാം തരത്തിൽ ബാധിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

## ഇന്റേൺഷിപ്പിലൂടെ തൊഴിൽ ആഭിമുഖ്യവും തൊഴിൽ ക്ഷമതയും

*289 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ. ഐ. ബി. സതീഷ്**
**ശ്രീ. പി.പി. സുമോദ്**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ രംഗത്ത് വിവിധ തലങ്ങളിലുള്ള ഏതൊക്കെ പ്രോഗ്രാമുകളിലാണ് അവസാന സെമസ്റ്റർ ഇന്റേൺഷിപ്പിന് നീക്കിവയ്ക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(ബി) അവസാന സെമസ്റ്റർ ഇന്റേൺഷിപ്പിന് നീക്കിവയ്ക്കുന്നതിലൂടെ വിദ്യാർത്ഥികളിൽ തൊഴിൽ ആഭിമുഖ്യവും തൊഴിൽ ക്ഷമതയും വർദ്ധിപ്പിക്കുന്നതിന് സഹായകമാവുമോ; വിശദാംശം നൽകാമോ;

(സി) വിവിധ പ്രോഗ്രാമുകളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും ഇന്റേൺഷിപ്പിനുള്ള സൗകര്യം സംസ്ഥാനത്ത് ലഭ്യമാണോ; അതിനായി സ്വീകരിച്ചിട്ടുള്ള മുന്നൊരുക്കങ്ങൾ വിശദമാക്കാമോ?

## നെൽക്കൃഷി വിസ്തൃതി വർദ്ധിപ്പിക്കാൻ നടപടി

*290 **ശ്രീ. സി. ആർ. മഹേഷ്**
**ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. ചാണ്ടി ഉമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽക്കൃഷിയുടെ വിസ്തൃതി വർദ്ധിപ്പിക്കാൻ സ്വീകരിച്ച നടപടി വിശദമാക്കാമോ; ഇത് സാധ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) നെല്ലിന്റെ താങ്ങുവിലയിലെ സംസ്ഥാന വിഹിതം വർദ്ധിപ്പിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) ഇല്ലെങ്കിൽ നെൽക്കർഷകർ നേരിടുന്ന പ്രതിസന്ധി പരിഗണിച്ച് നെല്ലിന്റെ താങ്ങുവിലയിലെ സംസ്ഥാന സർക്കാർ വിഹിതം വർദ്ധിപ്പിക്കാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കാമോ?

## പ്രത്യേക ഓട്ടിസം സെന്ററുകൾ

*291 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ എം നൗഷാദ്**
**ശ്രീ. കെ. എം. സച്ചിൻദേവ്**

**ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓട്ടിസം ബാധിതരായ കുട്ടികൾക്ക് വിവിധ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി പ്രത്യേക ഓട്ടിസം സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ടോ; എങ്കിൽ അത്തരം കേന്ദ്രങ്ങളിൽ നിന്നും ആവശ്യമായ ചികിത്സയും പരിശീലനവും തെറാപ്പിയും ലഭ്യമാക്കുന്നതിന് സംവിധാനമുണ്ടോ; വിശദാംശം നൽകാമോ;

(ബി) ഓട്ടിസം ഉൾപ്പെടെയുള്ള ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ കുടുംബങ്ങൾക്ക് ഒരുമിച്ച് താമസിക്കാവുന്ന അസിസ്റ്റീവ് വില്ലേജുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; അവിടെ നിന്നും ലഭിക്കുന്ന സേവനങ്ങൾ വിശദമാക്കാമോ?

## ആശ്വാസ കിരണം പദ്ധതി

*292 **ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്ധരായ രോഗികൾ, കാൻസർ, സെറിബ്രൽ പൾസി, ഓട്ടിസം, മാനസിക രോഗം, ബുദ്ധിമാന്ദ്യം, കിടപ്പിലായ വയോധികർ മുതലായ രോഗികളെ പരിചരിക്കുന്നവർക്ക് ആശ്വാസ കിരണം പദ്ധതിയിലൂടെ നൽകി വരുന്ന ധനസഹായം കൃത്യമായി വിതരണം ചെയ്യുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) നിലവിൽ വിതരണം ചെയ്യുന്ന തുക വർദ്ധിപ്പിച്ചു നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ എന്നുമുതൽ വർദ്ധിപ്പിച്ചു നൽകാനാകുമെന്ന് വ്യക്തമാക്കാമോ;

(സി) ചലനശേഷിയില്ലാത്ത ഭിന്നശേഷിക്കാരുടെ സംരക്ഷണം ഉറപ്പാക്കുന്നതിന് പ്രത്യേക അതോറിറ്റി സ്ഥാപിക്കണമെന്ന കേന്ദ്ര നിർദേശം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

## കേരളാ സാംസ്കാരിക ഓപ്പൺ യൂണിവേഴ്സിറ്റി സ്ഥാപിക്കാൻ

*293 **ഡോ. എൻ. ജയരാജ്**
**ശ്രീ. ജോബ് മൈക്കിൾ**
**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ**
**ശ്രീ. പ്രമോദ് നാരായൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതൊക്കെ സ്ഥാപനങ്ങളിലാണ് കലാപഠന കോഴ്സുകൾ നിലവിലുള്ളതെന്ന് വിശദമാക്കാമോ;

(ബി) നാടൻ കലകൾ കോഴ്സായി പഠിപ്പിക്കുന്ന ഏതൊക്കെ സ്ഥാപനങ്ങളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ;

(സി) ശാസ്ത്രീയ കലകളും നാടൻ കലകളും അന്താരാഷ്ട്ര തലത്തിൽ സ്വീകാര്യതയുള്ള കോഴ്സുകളാക്കി പഠിപ്പിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ വിശദമാക്കാമോ;

(ഡി) ശാസ്ത്രീയ കലകളുടെയും നാടൻ കലകളുടെയും അന്താരാഷ്ട്ര തലത്തിൽ സ്വീകാര്യതയുള്ള കോഴ്സുകൾ നടത്തുന്നതിന് കേരളാ സാംസ്കാരിക ഓപ്പൺ സർവകലാശാല സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**<u>വാല്യൂ ആഡഡ് പ്രോഡക്ട് ഓഫ് കേരള പാർക്കുകൾ</u>**

*294 **ശ്രീമതി ഉമ തോമസ്**
**ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിളകളെ സംരക്ഷിക്കാനും കർഷകരെ രക്ഷിക്കാനും വാല്യൂ ആഡഡ് പ്രോഡക്ട് ഓഫ് കേരള പാർക്കുകൾ സ്ഥാപിക്കുമെന്ന വാഗ്ദാനം പാലിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് ഏതൊക്കെ സ്ഥലങ്ങളിലാണ് ഇത്തരം പാർക്കുകൾ നിർമിച്ചതെന്ന് വിശദമാക്കാമോ;

(സി) ഇവയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**<u>മത്സ്യവിഭവ പരിപാലനത്തിനായി ത്രിതല മാനേജ്മെന്റ് സംവിധാനം</u>**

*295 **ശ്രീ എം രാജഗോപാലൻ**
**ശ്രീ. എച്ച്. സലാം**
**ശ്രീ. കെ. ആൻസലൻ**
**ഡോ. സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യവിഭവ പരിപാലനം ലക്ഷ്യമിട്ട് നിയമനിർമ്മാണത്തിലൂടെ രൂപീകരിക്കുകയും മത്സ്യത്തൊഴിലാളികളുടെ പങ്കാളിത്തം ഉറപ്പാക്കുകയും ചെയ്ത ത്രിതല മാനേജ്മെന്റ് സംവിധാനത്തിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; പ്രസ്തുത സംവിധാനത്തിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുവാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) മത്സ്യബന്ധന യാനങ്ങളുടെ ഇൻഷുറൻസ് പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ;

(സി) 2024-25 വർഷം എത്ര യാനങ്ങൾ ഇൻഷുറൻസ് പദ്ധതിയിൽ ചേർത്തിട്ടുണ്ട്; എത്ര തുക ഇൻഷുറൻസ് നഷ്ടപരിഹാരമായി അനുവദിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

**<u>മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനായുള്ള നടപടികൾ</u>**

*296 **ശ്രീ. മുരളി പെരുനെല്ലി**
**ശ്രീ സി കെ ഹരീന്ദ്രൻ**

**ശ്രീമതി ശാന്തകുമാരി കെ.**
**ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുതിർന്ന പൗരന്മാരുടെ ക്ഷേമവും അന്തസ്സും കരുതലും ഉറപ്പാക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) വയോജനങ്ങൾക്ക് വീട്ടിൽ തന്നെ അടിസ്ഥാന സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) വയോജനങ്ങൾക്ക് സർക്കാർ ആശുപത്രികളിൽ പ്രത്യേക ആരോഗ്യ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഗ്രാമ പ്രദേശങ്ങളിലെയും പിന്നാക്ക വിഭാഗങ്ങളിലെയും വയോജനങ്ങൾക്കായി പ്രത്യേക മാതൃകാ പ്രവർത്തനങ്ങൾ ലഭ്യമാക്കുന്നുണ്ടോ; വിശദാംശം നൽകാമോ?

## <u>മത്സ്യക്കുഞ്ഞ് ഉല്പാദനത്തിന് സഹായ പദ്ധതി</u>

*297 **ശ്രീ ജി സ്റ്റീഫൻ**
**ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീ. യു. ആർ. പ്രദീപ്**
**ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന മത്സ്യമായ കരിമീനിന്റെ കുഞ്ഞുങ്ങളുടെ ഉല്പാദനത്തിന് എന്തെല്ലാം സഹായ പദ്ധതികളാണ് വകുപ്പ് നടപ്പാക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) വരാൽ, മഞ്ഞക്കൂരി, കാര, നാടൻ മുഷി എന്നിവയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് പ്രാദേശിക തലത്തിൽ നടപ്പിലാക്കിയ പദ്ധതിയുടെ ഭാഗമായി എത്ര മത്സ്യക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്നുള്ള വിശദാംശം ലഭ്യമാക്കാമോ;

(സി) ഇത്തരം മത്സ്യക്കുഞ്ഞുങ്ങളുടെ ഉല്പാദനത്തിന് സഹായകമാകുന്ന വിധം പരിശീലന പരിപാടികൾ ഗവേഷണ സ്ഥാപനങ്ങൾ മുഖേന മത്സ്യ കർഷകർക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## <u>മൃഗസംരക്ഷണ മേഖലയുടെ ഡിജിറ്റൽവൽക്കരിക്കരണം</u>

*298 **ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ പി എസ് സുപാൽ**
**ശ്രീമതി സി. കെ. ആശ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധുനിക സാങ്കേതികവിദ്യയുടെ കാലത്ത് മൃഗസംരക്ഷണ മേഖലയിലെ ചികിത്സാ സേവനങ്ങൾ ഡിജിറ്റൽവൽക്കരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) വെറ്ററിനറി ഡോക്ടർമാരുടെ സേവനം ക്ഷീരകർഷകരുടെ വീട്ടുപടിക്കൽ എത്തിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ;

(സി) മൃഗങ്ങൾക്കുള്ള മരുന്നുകളും വാക്സിനേഷൻ സൗകര്യങ്ങളും കൃത്യസമയത്ത് തന്നെ കർഷകരെ അറിയിക്കുന്നതിന് സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) മൃഗാശുപത്രികളിൽ ചികിത്സയ്ക്ക് എത്തുന്ന മൃഗങ്ങളുടെ ആവശ്യത്തിനായി ഒ. പി. ടിക്കറ്റുകൾ ഓൺലൈനായി എടുക്കുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

**കാലിത്തീറ്റയുടെയും കോഴിത്തീറ്റയുടെയും ഗുണനിലവാരം ഉറപ്പാക്കാൻ നടപടി**

*299 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ശ്രീ. ലിന്റോ ജോസഫ്**
**ശ്രീ. യു. ആർ. പ്രദീപ്**
**ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നതും വിപണനം ചെയ്യുന്നതുമായ വിവിധ ഇനം കാലിത്തീറ്റയുടെയും കോഴിത്തീറ്റയുടെയും ഗുണനിലവാരം ഉറപ്പാക്കുന്നതിനും കാലിത്തീറ്റ വ്യാപാരം നിയമപരമാക്കുന്നതിനും ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(ബി) ഗുണമേന്മയുള്ള തീറ്റപ്പുൽ കൃഷി വ്യാപിപ്പിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(സി) തരിശുഭൂമിയിൽ പുൽക്കൃഷി പദ്ധതി ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

**കൃഷിക്കാരുടെ വരുമാനം വർദ്ധിപ്പിക്കാൻ നടപടി**

*300 **ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ . കെ .ഡി .പ്രസേനൻ**
**ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം കൃഷിക്കാരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ബി) കാർഷികോല്പാദന ക്ഷമത മെച്ചപ്പെടുത്തുന്നതിനും ഉല്പന്നങ്ങളുടെ ന്യായവില ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധന പ്രവർത്തനങ്ങൾ വ്യാപകമാക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
2025 സെപ്റ്റംബർ 30, ചൊവ്വ

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

**<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u>**

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].